# കേരളാ സിഡ്കോ

## വ്യവസായ പ്ളോട്ടുകൾ ദീർഘകാല വാടകയ്ക്ക് - ക്വട്ടേഷൻ / ലേലപരസ്യം

## വ്യവസ്ഥകൾ

1. പ്ളോട്ടുകൾ ക്വട്ടേഷനും ലേലവും അടിസ്ഥാനത്തിൽ ലഭിക്കുന്ന ഏറ്റവും കൂടിയ തുകയ്ക്ക് അനുവദിച്ചു കൊടുക്കുന്നതാണ്.
2. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിർദ്ദിഷ്ട അപേക്ഷയോടൊപ്പം എസ്.എസ്.ഐ./ഇ.എം. രജിസ്ട്രേഷൻ, പ്രോജക്ട് റിപ്പോർട്ട്, തിരിച്ചറിയൽ കാർഡ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളോടൊപ്പം നിരതദ്രവ്യമായി 5000 രൂപ (ഓരോ പ്ളോട്ടിനും) സിഡ്കോയുടെ പേരിൽ തിരുവനന്തപുരത്തു മാറാവുന്ന ഡി.ഡി. ലേലത്തിനു മുമ്പ് കെട്ടിവയ്ക്കേണ്ടതാണ്. നിരതദ്രവ്യത്തോടുകൂടി ക്വട്ടേഷൻ നൽകിയിട്ടുള്ളവർ ലേലത്തിൽ പങ്കെടുക്കുന്നതിന് പ്രത്യേകം നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതില്ല. ഏതു പ്ളോട്ടിനുവേണ്ടിയാണോ നിരതദ്രവ്യം കെട്ടിവച്ചിട്ടുള്ളത് ആ പ്ളോട്ടിനുള്ള ക്വട്ടേഷൻ/ലേലത്തിൽ മാത്രമേ പങ്കെടുക്കാൻ കഴിയുകയുള്ളൂ. രജിസ്ട്രേഷൻ ഫീസായി 3000/- രൂപ കെട്ടിവയ്ക്കേണ്ടതാണ് (തിരികെ നൽകുന്നതല്ല)
3. ലേലത്തിനുശേഷം ലഭ്യമായിട്ടുള്ള ക്വട്ടേഷനുകൾ അവിടെ വച്ചുതന്നെ തുറക്കുന്നതും ലേലത്തിലെ തുകയെക്കാൾ കൂടുതലാണ് ക്വട്ടേഷനിലെ തുകയെങ്കിൽ ക്വട്ടേഷൻ തുകയ്ക്കും, ക്വട്ടേഷനിലെ തുകയെക്കാൾ കൂടുതലാണ് ലേലത്തിലെ തുകയെങ്കിൽ ലേലതുകയ്ക്കും മാനേജിംഗ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി സ്ഥിരപ്പെടുത്തുന്നതാണ്.
4. കൂടിയ തുക ലേലമായാലും ക്വട്ടേഷൻ ആയാലും സ്ഥിരപ്പെടുത്തുന്നതിനോ സ്ഥിരപ്പെടുത്താതിരിക്കുന്നതിനോ ഉള്ള അധികാരം സിഡ്കോ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.
5. ഏറ്റവും ഉയർന്ന തുക ക്വട്ടേഷൻ /ലേലം വഴി ഉറപ്പിച്ച ആൾ സമർപ്പിച്ചിരിക്കുന്ന രേഖകൾ അലോട്ട്മെന്റ് ഉത്തരവ് നൽകുന്നതിന് മുമ്പായിട്ടുള്ള പരിശോധനയിൽ ഉചിതമല്ലെന്ന് കണ്ടാൽ പ്രസ്തുത ആളിന്റെ ഓഫർ റദ്ദുചെയ്യുന്നതും അദ്ദേഹം അടച്ച നിരതദ്രവ്യം കണ്ടു കെട്ടുന്നതുമാണ്.
6. ഉയർന്ന തുക സ്ഥിരപ്പെടുത്തി അറിയിപ്പു കിട്ടിയാൽ 30 ദിവസത്തിനകം നിരതദ്രവ്യം കഴിച്ചുള്ള ബാക്കി തുക സിഡ്കോയുടെ പേരിൽ തിരുവനന്തപുരത്തു മാറാവുന്ന വിധത്തിൽ ഡി.ഡി. അടയ്ക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുകയാണെങ്കിൽ നിരതദ്രവ്യമായി അടച്ച തുക സിഡ്കോയിലേയ്ക്ക് മുതൽ കൂട്ടുന്നതും പ്ളോട്ടുകൾ പുനർ ക്വട്ടേഷൻ/ ലേലത്തിൽ അനുവദിച്ചു കൊടുക്കുന്നതുമാണ്.
7. ക്വട്ടേഷൻ/ലേലം സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ അലോട്ട്മെന്റ് ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം നിരതദ്രവ്യം കഴിച്ചുള്ള തുക ഒന്നായി അടയ്ക്കാവുന്നതാണ്. അല്ലെങ്കിൽ 60% തുക 30 ദിവസത്തിനകം അടച്ചുതീർത്തശേഷം ബാക്കി വരുന്ന തുക 2 വാർഷിക ഗഡുക്കളായി 14% പലിശയോടുകൂടി അടയ്ക്കാവുന്നതാണ്.
8. അലോട്ട്മെന്റ് ഉത്തരവ് ലഭിക്കുന്നയാൾ സെന്റിന് 1 രൂപ നിരക്കിൽ വാർഷിക വാടകയും കാലാകാലങ്ങളിലുള്ള ഭൂനികുതിയും അടയ്ക്കേണ്ടതാണ്.
9. പ്ളോട്ടുകൾ ലേലത്തിന് മുമ്പ് തന്നെ എസ്റ്റേറ്റ് മാനേജരെ കണ്ട് ബോദ്ധ്യപ്പെടേണ്ട താണ്.
10. കൂടുതൽ പ്ളോട്ടുകൾ ആവശ്യമുള്ളവർ ഓരോ പ്ളോട്ടിനും 5000 രൂപ എന്ന നിരക്കിൽ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. എന്നാൽ രജിസ്ട്രേഷൻ ഫീസ് ഒന്നു മതിയാകുന്നതാണ്.

(ഒപ്പ്)

**മാനേജിംഗ് ഡയറക്ടർ**